ഉത്തരം

(എ) കോഴിക്കോട് സിറ്റിയിൽ മാറാട്, പന്നിയങ്കര, നടക്കാവ് എന്നീ പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിംഗ് നിലവിലുള്ളതും കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കോഴിക്കോട് റൂറൽ ജില്ലയിൽ വടകര പോലീസ് സ്റ്റേഷനിൽ ടി പദ്ധതി നിലവിലുള്ളതും, താമരശ്ശേരി, കൊയിലാണ്ടി, ബാലുശ്ശേരി, പേരാമ്പ്ര, കുറ്റ്യാടി, കൊടുവള്ളി, നാദാപുരം എന്നീ സ്റ്റേഷനുകളിൽ പുതുതായി ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പോലീസ് ഡയറക്ടർ ജനറൽ നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിൽ പോലീസ് സ്റ്റേഷനുകളെ ഉൾപ്പെടുത്തുന്നത്.

(സി) താമരശ്ശേരി പോലീസ് സ്റ്റേഷനിൽ പുതുതായി പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുക്കം പോലീസ് സ്റ്റേഷനിൽ പദ്ധതി നടപ്പാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ഹർത്താലുകൾ

17 (T263) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം ഇതുവരെ എത്ര ഹർത്താലുകൾ നടന്നു; ഇത് ഏതൊക്കെ കക്ഷികളാണ് സംഘടിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് എത്ര പ്രാദേശിക ഹർത്താൽ നടന്നു; ഇത് സംഘടിപ്പിച്ച കക്ഷികൾ ഏതെല്ലാം;

(സി) തുടരെ ഉണ്ടാകുന്ന ഹർത്താലുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ നോക്കണമെന്ന കോടതി നിർദ്ദേശം പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 14 ഹർത്താലുകൾ നടന്നിട്ടുണ്ട് ബിജെപി (6), സി.പി.ഐ.ഐ.(എം.എൽ.) (1), എൽ.ഡി.എഫ് (2), യു.ഡി.എഫ് (2), മറ്റ് സംഘടനകൾ (2), ട്രേഡ് യൂണിയൻ സംഘടനകൾ (1) എന്നീ കക്ഷികളാണ് ഹർത്താലുകൾ സംഘടിപ്പിച്ചിട്ടുള്ളത്.

(ബി) 364 പ്രാദേശിക ഹർത്താലുകൾ നടന്നിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കോടതി നിർദ്ദേശപ്രകാരം പൊതുജന സമാധാന ലംഘനമുണ്ടാകുന്നത് തടയുന്നതിനായി പോലീസ് സേനാംഗങ്ങളെ വിന്യസിപ്പിച്ചും പട്രോളിംഗ് നടത്തിയും ആവശ്യമായ സുരക്ഷ നൽകിയും മറ്റും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly